(ബി) ചാർജ് വർദ്ധിപ്പിക്കുന്നത് സംസ്ഥാനത്തുനിന്നുള്ള കയർ കയറ്റുമതിയെ ബാധിക്കുമോ; എങ്കിൽ ഇതു തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ദി ഇന്ത്യ ഗേറ്റ്വേ ടെർമിനൽ (പ്രൈ) ലിമിറ്റഡ് എന്ന സ്ഥാപനം, കൊച്ചിൻ പോർട്ട് രാജീവ്ഗാന്ധി കണ്ടെയ്നർ ടെർമിനലിൽ കയറ്റുമതി ചാർജ് 36% മുതൽ 37% വരെ വർദ്ധിപ്പിക്കുവാൻ അപേക്ഷ നൽകിയിട്ടുള്ളതായി കയർ ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) ചാർജ് വർദ്ധിപ്പിക്കുന്നത് സംസ്ഥാനത്തുനിന്നുള്ള കയർ കയറ്റുമതിയെ പ്രതികൂലമായി ബാധിക്കും. ടി ചാർജ് വർദ്ധനയ്ക്കുള്ള പ്രൊപ്പോസലിന് അംഗികാരം നൽകരുതെന്ന് ആലപ്പുഴയിലെ ട്രാവൻകൂർ മാറ്റ്സ് & മാറ്റിംഗ്സ് മാനുഫാക്ചറേഴ്സ് അസോസിയേഷൻ മുംബൈയിലെ റ്റാരിഫ് അതോറിറ്റി ഫോർ മേജർ പോർട്സിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമതീരുമാനമായിട്ടില്ല. അഗ്രോ & റൂറൽ ഇൻഡസ്ട്രീസ് മന്ത്രികാര്യാലയവുമായി ബന്ധപ്പെട്ട്, കയർ ബോർഡ് ഇക്കാര്യത്തിൽ ഇടപെട്ട് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് കയർ ബോർഡ് അറിയിച്ചിട്ടുണ്ട്.

കുടുംബശ്രീ യൂണിറ്റുകൾവഴി തൊണ്ട് ശേഖരണം

110 [2866] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിലെ പ്രാഥമിക കയർ സഹകരണ സംഘങ്ങൾ ചകിരി കിട്ടാത്തതിനാൽ പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) ഇതിനായി കുടുംബശ്രീ യൂണിറ്റുകൾവഴി തൊണ്ട് സംഭരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ചകിരിക്ഷാമം പരിഹരിക്കുന്നതിന് റോ മെറ്റീരിയൽ ബാങ്ക് തുടങ്ങുവാൻ കയർഫെഡിനും കയർ കോർപ്പറേഷനും ഫണ്ട് അനുവദിച്ചിട്ടുണ്ട്. പ്രൈവറ്റ് സെക്ടറിൽ കയർ ഡീഫൈബറിംഗ് യൂണിറ്റുകൾ സ്ഥാപിക്കാൻ 50% മുടക്കു മുതലോ 10 ലക്ഷം രൂപവരെയോ കുറവ് ഏതാണെന്നുവച്ചാൽ ഈ തുക അനുവദിക്കുന്നതാണ്. ഇതിനും പുറമെ ചകിരി ഇറക്കുമതി ചെയ്യുന്നതിന് ഫോമില്ലിന് അനുവാദം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കുടുംബശ്രീ യൂണിറ്റിനെക്കൊണ്ട് തൊണ്ട് സംഭരിക്കുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമായിട്ടുണ്ട്. ഈ വിവരം കുടുംബശ്രീ ഡിപ്പാർട്ടുമെന്റിനെ അറിയിച്ചിട്ടുമുണ്ട്.

മുരുക്കുംപുഴ പ്രദേശത്തെ കയർഗ്രാമമായി പ്രഖ്യാപിക്കാൻ നടപടി

111 [2867] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ വ്യവസായ മേഖലയിലുള്ള ഏതെങ്കിലും പ്രദേശങ്ങളെ കയർ ഗ്രാമം ആയി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഇങ്ങനെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ എത്ര മേഖലകളെയാണ് കയർ ഗ്രാമങ്ങളായി പ്രഖ്യാപിച്ച് പുനരുദ്ധരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ പരമ്പരാഗത കയർ വ്യവസായ മേഖലയായ മുരുക്കുംപുഴ പ്രദേശത്തെ കയർ ഗ്രാമം ആയി പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിലെ പെരുമൺ, ആലപ്പുഴ ജില്ലയിലെ വയലാർ എന്നീ പ്രദേശങ്ങളെയാണ് മോഡൽ കയർഗ്രാമങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളത്. കയർ തൊഴിലാളികൾ കൂടുതലായിട്ടുള്ളതും ഉല്പാദന വിപണന സാദ്ധ്യതകൾ ഏറെയുള്ളതും മറ്റു വ്യവസായ സംരംഭങ്ങൾ താരതമ്യേന കുറവുള്ളതും, കയർവ്യവസായം പ്രധാന തൊഴിൽമാർഗ്ഗമായി നടപ്പിലിരിക്കുന്നതുമായ പ്രദേശങ്ങളെയാണ് ഇപ്രകാരം തെരഞ്ഞെടുത്തിട്ടുള്ളത്. കയർ ഗ്രാമം എന്ന പദ്ധതികൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത് കയർ വ്യവസായവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഒരു സ്ഥലത്ത് ഏകോപിപ്പിച്ച് പ്രവർത്തിക്കുന്നതിലൂടെ കയർ വ്യവസായത്തിന്റെ മൊത്തം വികസനം കൈവരിക്കുക എന്നതാണ്. വൈവിദ്ധ്യമാർന്ന വിവിധതരം കയറുല്പന്നങ്ങളുടെ നിർമ്മാണം, കയറുകൊണ്ടുള്ള ചിത്രപ്പണികൾ, കയറുകൊണ്ടുള്ള വിവിധതരം കരകൗശല വസ്തുക്കൾ, ഭൂവസ്ത്രം, ചകിരി ഉല്പാദനം തുടങ്ങിയവയും ചകിരിയുടെ വിനിയോഗങ്ങളും ചകിരിയുടെ സാദ്ധ്യത അനുസരിച്ചുള്ള സംരംഭങ്ങളും വിഭാവന ചെയ്യുന്നു.

(ബി) അനുയോജ്യവും സാദ്ധ്യതയുള്ളതുമായ പ്രദേശങ്ങളിൽ, കയർ വ്യവസായത്തിനായി നാല് ക്ലസ്റ്ററുകൾ കണ്ടുപിടിച്ച് അവയെ മാതൃകാ കയർ ഗ്രാമങ്ങളായി പുനരുദ്ധരിക്കുന്നതിനാണ് ഈ സാമ്പത്തികവർഷം ഉദ്ദേശിക്കുന്നത്.

(സി) വിശദമായ പഠനം നടത്തിയതിനുശേഷം ഇക്കാര്യത്തിൽ തീരുമാനമെടുക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly